

*"അനന്തം, വാസുകിം, ശേഷം, പത്മനാഭം, ച കംബളം
ശംഖപാലം, ധൃതരാഷ്ട്രം, തക്ഷകം, കാളിയം തഥാ
ഏതാനി നവനാമാനി നാഗാനാം ച മഹാത്മനാം
സായം കാലേ പഠേന്നിത്യം പ്രാതഃ കാലേ വിശേഷതഃ
തസ്യവിഷഭയം നാസ്തി സർവ്വത്ര വിജയീഭവേ"*

# ശ്രീ ഇരുംകുളങ്ങര ദുർഗ്ഗാഭഗവതി ക്ഷേത്രം ട്രസ്റ്റ്

**തോട്ടം, മണക്കാട്, തിരുവനന്തപുരം-695 009, ഫോൺ : 2456906**
Website : www.irumkulangaratemple.org

## ആയില്യോത്സവം-2011

മാന്യഭക്തജനങ്ങളേ,

നമ്മുടെ ക്ഷേത്രത്തിലെ ഈയാണ്ടത്തെ ആയില്യോത്സവം **തുലാമാസം 5 (ഒക്ടോബർ 22) ശനിയാഴ്ച** പതിവുപോലെ **പാമ്പുംമേയ്ക്കാട്ടുമന കാരണവർ ബ്രഹ്മശ്രീ പി. എസ്. ശ്രീധരൻ നമ്പൂതിരി**യുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തുന്നതാണ്. ഭക്തജനങ്ങളുടേയും നാട്ടുകാരുടേയും കുടുംബാംഗങ്ങളുടേയും രോഗശാന്തിയും ഐശ്വര്യാദിവൃദ്ധിയും ലക്ഷ്യമാക്കിയാണ് സർപ്പക്കാവിൽ ആയില്യോത്സവം നടത്തിപ്പോരുന്നത്.

രാവിലെ 10 മണിക്ക് പൂജ ആരംഭിക്കുന്നതാണ്. അഭിഷേകം, നൂറും പാലും, ആയില്യപൂജ എന്നിവയോടെ സമാപിക്കും. രാത്രി 8 മണിയോടെ സർപ്പബലിയും അതോടൊപ്പം നാഗാർച്ചനയും നടക്കും. അർച്ചന പ്രസാദം കാരണവർ തിരുമേനി നേരിട്ട് വിതരണം ചെയ്യുന്നതാണ്.

എല്ലാ ഭക്തജനങ്ങളും ട്രസ്റ്റ് അംഗങ്ങളും തികഞ്ഞ വ്രതശുദ്ധി പാലിച്ച് ആയില്യോത്സവത്തിൽ പങ്കെടുക്കണമെന്നും, മറ്റ് എല്ലാവിധ സഹായസഹകരണങ്ങളും നൽകി ഉത്സവം വിജയിപ്പിക്കണമെന്നും സവിനയം അഭ്യർത്ഥിക്കുന്നു.

### വിവിധയിനം പൂജകളുടെ ഫീസ് നിരക്കുകൾ

| | | |
|---|---|---|
| **സർപ്പബലി** | – | **150 രൂപ** |
| **നൂറും പാലും** | – | **101 രൂപ** |
| **വിശേഷാൽ ആയില്യപൂജ** | – | **51 രൂപ** |
| **നാഗാർച്ചന** | – | **10 രൂപ** |

വിശ്വസ്തതയോടെ,

തോട്ടം
30-9-2011

**കെ. വി. അനിൽമിത്ര**
സെക്രട്ടറി

**പ്രത്യേക അറിയിപ്പ് :** ആയില്യപൂജയ്ക്കും സർപ്പബലിക്കും ആവശ്യമായ പാൽ, മഞ്ഞൾപൊടി, നല്ലെണ്ണ, എള്ള്, കദളിപ്പഴം, കരിക്ക്, സാമ്പ്രാണിത്തിരി, കർപ്പൂരം, തെറ്റി, തുളസി, താമര തുടങ്ങിയവ നേർച്ചയായി നൽകാൻ ഉദ്ദേശിക്കുന്നവർ പാൽ ഒഴികെയുള്ള സാധനങ്ങൾ **ഒക്ടോബർ 22-ാം** തീയതിക്ക് മുമ്പും, പാൽ 22-ാം തീയതി രാവിലെയും ട്രസ്റ്റ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

പൂജയിൽ പങ്കെടുക്കുന്നവർക്ക് ഉച്ചയ്ക്കുള്ള ഭക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്.

**അന്നദാനം നേർച്ച : ആരോൺ സുനിൽ (ആയില്യം), C/o. കെ. ഹരിഹരൻ, ഹരിശ്രീ, കുഞ്ചിക്കരവിളാകം**